ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സ്ത്രീധന പീഡനങ്ങൾക്ക് അറുതിവരുത്താൻ

عَنْ أَبِي هُرَيْرَةَ رَضِي الله عَنْه عَن اللنَّبِيّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: تُنْكَحُ الْمَرْأَةُ لِأَرْبَعٍ: لِمَالِهَا وَلِحَسَبِهَا وَلِجَمَالِهَا وَلِدِينِهَا فَاظْفَرْ بِذَاتِ الدِّين تَرِبَتْ يَدَاك

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'സ്വത്ത്, സൗന്ദര്യം, കുലീനത, മതനിഷ്ഠ എന്നീ നാലു കാര്യങ്ങൾ പരിഗണിച്ചാണ് സാധാരണയായി സ്ത്രീകളെ വിവാഹം കഴിക്കാറ്. എന്നാൽ നീ മതനിഷ്ഠയുള്ളവളെ തെരഞ്ഞെടുത്ത് വിജയിയാവുക; അത് നിനക്ക് കരുത്തേകും' (ബുഖാരി 5090, മുസ്‌ലിം 1466).**

ഏറെ സുപരിചിതമായ ഈ തിരുവചനം സന്ദർഭത്തിന്റെ തേട്ടം കണക്കിലെടുത്ത് ഒന്നുകൂടി ഓർക്കുകയാണ്.

സ്ത്രീധനത്തിന്റെയും ധനക്കൊതിയുടെയും വൃത്തികെട്ട ഭീകരമുഖം ആരെയും ലജ്ജിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമാണ്. നാട്ടിന്റെ പ്രതിഛായ തന്നെ അത് കളങ്കപ്പെടുത്തിയിരിക്കുന്നു. ഭരണകൂടവും രാഷ്ട്രീയ നേതൃത്വവും ബുദ്ധിജീവികളുമെല്ലാം ഉറക്കെ ചിന്തിച്ചിട്ടും ഒരു പരിഹാരവും അവർക്ക് നിർദേശിക്കാൻ കഴിഞ്ഞിട്ടില്ല. നിർദേശിക്കപ്പെട്ട പരിഹാരമാർഗങ്ങളാകട്ടെ പ്രയോഗവൽക്കരിക്കാൻ ഒട്ടും കഴിഞ്ഞിട്ടുമില്ല.

ജീവിതകാലം മുഴുവൻ സമാധാനത്തോടെ, സ്നേഹത്തോടെ കുടുംബജീവിതം നയിക്കേണ്ടതിനാധാരമാകേണ്ട ഇണയുടെ തെരഞ്ഞെടുപ്പ് ലക്ഷ്യരഹിതമോ ധാർമികാടിത്തറയില്ലാത്തതോ താൽക്കാലികമോ ആണെങ്കിൽ ദാമ്പത്യജീവിതവും കുടുംബ ജീവിതവും പരാജയമായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട് ഈ തിരുവചനം. അതു തന്നെയാണല്ലോ നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതും. സാധാരണ വിവാഹം നടക്കാറുള്ള ബാഹ്യവും അടിസ്ഥാനമില്ലാത്തതുമായ മൂന്നു കാര്യങ്ങളും പരാജയമായേക്കാമെന്നാണല്ലോ, നാലാമത്തെ അടിസ്ഥാന കാര്യത്തിനു മാത്രം വിജയം ബാധകമാക്കുക വഴി പ്രവാചകൻ ചെയ്തത്. സാമ്പത്തിക നേട്ടം ലക്ഷ്യം വെച്ച് വിവാഹം നടക്കാറുണ്ട്, എന്നല്ല ഇന്നത്തെ പല വിവാഹങ്ങളും ഇത്തരത്തിലുള്ളതാണ്. എന്നാലത് പരാജയമായിരിക്കും എന്നാണ് ഈ തിരുവചനത്തിൽ ഒന്നാമതായി പറയുന്നത്. ഒരു വിശദീകരണവും ആവശ്യമില്ലാത്തവിധം നമ്മുടെ മുമ്പിൽ കത്തിനിൽക്കുന്ന, നാട് നാണം കെട്ടു നിൽക്കുന്ന കാര്യമാണല്ലോ ഇത്. സമ്പത്തിനോടുള്ള അത്യാർത്തി മൂത്ത മനുഷ്യൻ എന്തു ചെയ്യാനും മടിക്കില്ലെന്നതിന് തെളിവാണ് 'സ്നേക് വെപ്പൻ' പ്രയോഗം മുതൽ അടുത്തിടെ നടന്ന സംഭവങ്ങളെല്ലാം.

ഇവിടെയാണ് ഖുർആനും തിരുവചനങ്ങളും സമാനതകളില്ലാത്ത വിപ്ലവം സൃഷ്ടിച്ചത്. വൈവാഹിക രംഗത്തെ സാമ്പത്തിക ചൂഷണം ഇന്നത്തേക്കാൾ ഭീകരമായിരുന്ന ഇരുണ്ട യുഗത്തിലേക്കാണ് പ്രവാചകൻ ദിവ്യഗ്രന്ഥവുമായി കടന്നുവരുന്നത്. സാമ്പത്തികമായി ചൂഷണം ചെയ്യാൻ ഒരുത്തൻ അക്കാലത്ത് നൂറ് വിവാഹങ്ങൾ വരെ നടത്താറുണ്ടായിരുന്നത്രെ. എന്നിട്ട് സമ്പത്ത് കൈക്കലാക്കി സ്ത്രീകളെ ജീവച്ഛവങ്ങളാക്കി വലിച്ചെറിയും. സ്ത്രീത്വത്തിന് ഒരു വിലയുമുണ്ടായിരുന്നില്ല. ആ ഇരുണ്ട യുഗത്തിലേക്ക് ഇറങ്ങിച്ചെന്ന് സ്ത്രീകളോടുള്ള മനോഭാവം അപ്പടി മാറ്റിയെടുക്കുകയായിരുന്നു പ്രവാചകൻ. സ്ത്രീത്വം അമൂല്യമാണെന്നും വിവാഹമൂല്യം നൽകി മാത്രമേ അവളെ വിവാഹം കഴിക്കാവൂ എന്നും അവിടുന്ന് പഠിപ്പിച്ചു. സ്ത്രീധന സമ്പ്രദായത്തെ തന്നെ സമൂഹത്തിൽനിന്ന് തുടച്ചു നീക്കി. ഇന്നും മുസ്‌ലിം നാടുകളിൽ ഇതേ അവസ്ഥ നിലനിൽക്കുന്നു. സമാന വിപ്ലവം ചരിത്രത്തിൽ മറ്റേതുണ്ട്?

തറവാടും സൗന്ദര്യവും മാത്രം നോക്കി വിവാഹം ചെയ്താലും പരിണതി മറ്റൊന്നായിരിക്കില്ലെന്നും ഈ തിരുവചനം ഓർമിപ്പിക്കുന്നു. മൂന്നെണ്ണം ഇവിടെ എടുത്തു പറഞ്ഞെന്നേയുള്ളൂ. ഭൗതിക മാത്രമായ പരിഗണനകൾ വെച്ചുള്ള ഏതു വിവാഹവും പരാജയത്തിലേ കലാശിക്കൂ; പ്രത്യക്ഷത്തിലത് ഭദ്രമാണെന്നു തോന്നിച്ചാലും.

വൈവാഹിക ജീവിതം വിജയകരമാകുന്നത് അതിന്റെ അടിസ്ഥാനം ദീൻ ആകുമ്പോൾ മാത്രമാണ്. ആദ്യമായി ഉണ്ടാവേണ്ടത്, അല്ലാഹുവിനെ സാക്ഷിനിർത്തി അതീവഗൗരവത്തോടെ നടത്തുന്ന പരസ്പര ഉടമ്പടിയാണ് വിവാഹം എന്ന ബോധമാണ്. തന്റെ ഇണയാണ് സ്ത്രീ എന്ന് ഭർത്താവ് മനസ്സിലാക്കണം. ഖുർആൻ പറഞ്ഞതുപോലെ, ബാധ്യതയുള്ളതുപോലെ അവൾക്ക് അവകാശവുമുണ്ട്. സ്നേഹവും കാരുണ്യവുമാണ് ഭാര്യാഭർതൃബന്ധത്തിലുണ്ടാകേണ്ടത്. മരണാനന്തര ജീവിതത്തിലും ഈ സ്നേഹബന്ധം തുടരണം.

'നിങ്ങളിലേറ്റവും നല്ലവർ ഇണകൾക്കേറ്റവും നന്മ ചെയ്യുന്നവരാണ്', 'നീചനല്ലാതെ ഇണയോട് മോശമായി വർത്തിക്കുകയില്ല' എന്നിങ്ങനെ നിരവധി തിരുവചനങ്ങൾ കാണാം.

സ്ത്രീധനവും അതിനെ തുടർന്നുണ്ടാവുന്ന അതിക്രമങ്ങളും അവസാനിപ്പിക്കാൻ തിരുചര്യയിലേക്ക് മടങ്ങുകയേ നിർവാഹമുള്ളൂ. ●